## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8006 24.07.2012 ൽ മറുപടിയ്ക്ക്

**<u>സ്വകാര്യ ബസ്സുകൾക്ക് റൂട്ടും പെർമിറ്റും അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>**

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) സ്വകാര്യ ബസ്സുകൾക്ക് റൂട്ടും പെർമിറ്റും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | 1988 ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 80-ാം വകുപ്പനുസരിച്ച് എപ്പോൾ വേണമെങ്കിലും ഏതു തരത്തിലുമുള്ള പെർമിറ്റ് ലഭിക്കുന്നതിനായി റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയ്ക്കോ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിക്കോ അല്ലെങ്കിൽ അതിനായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരികൾക്കോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പെർമിറ്റിനുള്ള അപേക്ഷകൾ സാധാരണ നിലയിൽ നിരസിക്കുവാൻ പാടില്ലായെന്നും ടി വകുപ്പ് നിഷ്കർഷിക്കുന്നു. ഏത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പരിധിയിലാണോ സർവ്വീസ് നടത്തുവാൻ ഉദ്ദേശിക്കുന്നത് ആ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്കാണ് സ്വകാര്യ ബസ്സിന്റെ റൂട്ടിനും പെർമിറ്റിനുമായി അപേക്ഷ നൽകേണ്ടത്. ഒന്നിൽ കൂടുതൽ റീജിയണുകളിൽ ഓടുന്നതിന്, റൂട്ടിന്റെ കൂടുതൽ ഭാഗം വരുന്ന റീജിയണിലുള്ള റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയ്ക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. റൂട്ട് തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം അപേക്ഷകനാണ്. അപേക്ഷകന് യോഗ്യതയൊന്നും നിഷ്കർഷിച്ചിട്ടില്ല. ദേശസാൽക്കരണ പദ്ധതികൾക്ക് വിധേയമായി ഏത് റൂട്ടിലും പെർമിറ്റ് അനുവദിക്കാവുന്നതാണ് എന്നും ടി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്റ്റേജ് കാര്യേജായി ഉപയോഗിക്കുന്ന വാഹനം 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതാകരുതെന്നും വ്യവസ്ഥയുണ്ട്. |
| (ബി) ചില റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നതിൽ നിന്നും പിൻവാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |

| | | |
|---|---|---|
| (സി) ഉണ്ടെങ്കിൽ ഇത്തരം റൂട്ടുകളിൽ സർവ്വീസ് നടത്താൻ തയ്യാറാകുന്ന സ്വകാര്യ ബസ്സുകൾക്ക് മാനദണ്ഡങ്ങളിൽ ഇളവ് നൽകി റൂട്ടും പെർമിറ്റും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മോട്ടോർ വാഹന നിയമത്തിലും അതിന്റെ കീഴിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ ഇളവ് നൽകി സ്വകാര്യ ബസ്സുകൾക്ക് റൂട്ടും പെർമിറ്റും അനുവദിക്കുന്നതിന് കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ